# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3372 13.03.17 ൽ മറുപടിയ്ക്ക്**

**<u>അന്യസംസ്ഥാനത്ത് രജിസ്റ്റർചെയ്ത വാഹനങ്ങൾ</u>**

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | നിയമാനുസരണം അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത്, ലൈഫ് ടാക്സ് അടച്ച് വിവിധ തരം വണ്ടികൾ കേരളത്തിൽ ഓട്ടുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; വിശദമാക്കുമോ; | (എ) | അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് ലൈഫ് ടാക്സ് അടച്ച നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ കേരളത്തിൽ 12 മാസം വരെ ഈ സംസ്ഥാനത്തെ രജിസ്ട്രേഷൻ നമ്പർ നേടാതെ സർവ്വീസ് നടത്തുന്നതിനു നിയമപരമായി തടസ്സമില്ല. ഈ വാഹനങ്ങൾ ഒരുമാസം വരെ ഉപയോഗിയ്ക്കുന്നതിന് സംസ്ഥാനം നികുതിയൊന്നും ഈടാക്കുന്നില്ല. |
| (ബി) | എന്തെങ്കിലും നിയമതടസ്സം ഉണ്ടെങ്കിൽ ഇങ്ങനെ ഓട്ടുന്ന അനേകം വണ്ടികൾക്ക് കേരള സർക്കാരിലേക്ക് ചെറിയ തോതിൽ ടാക്സ് ചുമത്തി പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ; | (ബി) | ഒരു മാസത്തിൽ കൂടുതലായി സംസ്ഥാനത്ത് ഉപയോഗിയ്ക്കുന്ന അന്യ സംസ്ഥാന വാഹനങ്ങളിൽ നിന്നും താഴെ പറയുന്ന നിരക്കിൽ നികുതി ഈടാക്കാറുണ്ട്. |

| | കാറ്റഗറി | കാലയളവ് (30 ദിവസം മുതൽ വർഷം വരെ) |
|---|---|---|
| 1 | *മോട്ടോർ സൈക്കിൾ & ത്രീ വീലേഴ്സ്* | 200 |
| 2 | മോട്ടോർകാർ | 1500 |
| 3 | a.*സ്വകാര്യ വാഹനങ്ങൾ 10 സീറ്റ് വരെ ഉൾക്കൊള്ളാവുന്ന യാത്രക്കാർ - ഓരോരുത്തർക്കും* | 300 |
| | b.*10 സീറ്റിൽ കൂടുതൽ ഉൾക്കൊള്ളാവുന്ന യാത്രക്കാർ - ഓരോരുത്തർക്കും* | 500 |
| 4 | *കൺസ്ട്രക്ഷൻ എക്യുപ്മെന്റ് വാഹനങ്ങളും മറ്റ് നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളും* | *1000* |

കാലയളവ് ഒരു വർഷത്തിനു മുകളിലാണെങ്കിൽ വാഹനം കേരളത്തിൽ തങ്ങുന്ന കാലയളവിന് ആനുപാതികമായ നിരക്കിൽ ഒറ്റത്തവണ നികുതി ഈടാക്കാവുന്നതാണ്.

| | | | |
|---|---|---|---|
| (സി) | അന്യസംസ്ഥാന രജിസ്ട്രേഷൻ ഉള്ള എത്ര വണ്ടികൾ കേരളത്തിൽ ഓടുന്നുണ്ട് എന്നതിന്റെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ? | | അന്യസംസ്ഥാന രജിസ്ട്രേഷൻ ഉള്ള വണ്ടികൾ കേരളത്തിൽ ഇടയ്ക്കിടെ വന്നു പോകുന്നതിന് നിയമ തടസ്സമില്ലാത്തതിനാൽ അവയുടെ എണ്ണത്തിൽ സ്ഥിരത ഉണ്ടായിരിക്കുന്നതല്ല. അതിനാൽ തന്നെ അത്തരം വാഹനങ്ങളുടെ എണ്ണം സംബന്ധിച്ച കണക്ക് ക്രോഡീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**